**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 577** **09-06-2021 - ൽ മറുപടിയ്ക്ക്**

**വൃക്ഷത്തൈ വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | **Shri. A. K. Saseendran**<br>(വനം, വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | പരിസ്ഥിതി ദിനാചരണത്തോടനുബന്ധിച്ച് വനം വകുപ്പ് വിതരണം ചെയ്ത പകുതിയോളം വൃക്ഷത്തൈകൾ തുടർപരിപാലനം ഇല്ലാത്തതിനാൽ നശിച്ചുപോകുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ; | (എ) | ഇല്ല. പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വനം വകുപ്പ് ഉത്പാദിപ്പിച്ച് വിതരണംചെയ്ത തൈകളുടെ അതിജീവന ശതമാനം 14 ജില്ലകളിലെ തിരഞ്ഞെടുത്ത 20 കോളേജുകളിലെ സ്റ്റാറ്റിസ്റ്റിക്സ് വിഭാഗത്തിന്റെ സഹകരണത്തോടുകൂടി തിട്ടപ്പെടുത്തിയിട്ടുണ്ട്. 2016-17ൽ വിതരണം ചെയ്ത തൈകളിൽ 55.24 ശതമാനവും 2017-18 കാലഘട്ടത്തിൽ വിതരണം ചെയ്ത തൈകളിൽ 62.53 ശതമാനവും അതിജീവിച്ചിട്ടുണ്ട് എന്ന് സർവ്വെയുടെ അടിസ്ഥാനത്തിൽ കണ്ടെത്തിയിട്ടുണ്ട്. 2018-19, 2019-20 കാലഘട്ടങ്ങളിൽ വിതരണം ചെയ്ത തൈകളുടെ അതിജീവന നിരക്കിന്റെ ശതമാനം മേൽ സൂചിപ്പിച്ച പ്രകാരം കണക്കാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ് |
| (ബി) | 2016 മുതൽ 2020 വരെ ഓരോ വർഷവും എത്ര വൃക്ഷത്തൈകളാണ് വനം വകുപ്പ് വിതരണം ചെയ്തതെന്നും അതിനായി പ്രസ്തുത വർഷങ്ങളിൽ ഓരോന്നിലും എന്ത് തുക ചെലവ് ചെയ്തുവെന്നും വ്യക്തമാക്കുമോ; | (ബി) | ഹരിത കേരളം പദ്ധതിയുടെ ഭാഗമായി പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് 2016-17 മുതൽ 2019-20 വരെ 269.90 ലക്ഷം വൃക്ഷത്തൈകൾ വിതരണം ചെയ്തിട്ടുണ്ട്. വർഷം തിരിച്ചുള്ള തൈകളുടെ എണ്ണം താഴെ പറയുന്നു. വർഷം തൈകളുടെ എണ്ണം ചെലവ് (ലക്ഷത്തിൽ) 2016-17 69.98 1110.80 2017-18 78.15 1188.25 2018-19 63.18 975.79 2019-20 58.59 1025.21 ആകെ 269.90 4300.05 |
| (സി) | വിതരണം ചെയ്യുന്ന തൈകളുടെ അതിജീവനം വിലിയിരുത്തുവാൻ നിലവിൽ എന്തെങ്കിലും സംവിധാനം ഉണ്ടോ; വിശദമാക്കുമോ; | (സി) | പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വനം വകുപ്പ് വൃക്ഷത്തൈകൾ ഉത്പാദിപ്പിച്ച് സൗജന്യമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, മതസംഘടനകൾ, യുവജന സംഘടന, രാഷ്ട്രീയ സംഘടനകൾ, റസിഡൻസ് അസോസിയേഷനുകൾ എന്നിവർക്കായി വിതരണം ചെയ്തു വരുന്നു. ഈ പദ്ധതികൾ എല്ലാം ഫലപ്രദവും, അതു വഴി വൃക്ഷ സമ്പത്ത് വനേതര പ്രദേശങ്ങളിൽ വർദ്ധിക്കാനിടയായിട്ടുമുണ്ട്. ഇപ്രകാരം വിതരണം |

| | | | |
|---|---|---|---|
| | | | ചെയ്യുന്ന വൃക്ഷത്തൈകളുടെ സംരക്ഷണവും, പരിപാലനവും സ്ഥലത്തിന്റെ ഉടമസ്ഥതയിലുള്ള വകുപ്പുകളിലും, സംഘടനകളിലും, വ്യക്തികളിലുമാണ് നിക്ഷിപ്തമായിരിക്കുന്നത്. എന്നാൽ വിദ്യാർത്ഥികൾക്കും, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കും നൽകുന്ന തൈകളുടെ അതിജീവനം ഉറപ്പാക്കാൻ പൊതു വിദ്യാഭ്യാസ വകുപ്പും, ഉന്നതവിദ്യാഭ്യാസ വകുപ്പും, തദ്ദേശ സ്വയംഭരണവകുപ്പും എല്ലാ കൊല്ലവും സർക്കുലറുകൾ ഇറക്കുന്നുണ്ട്. സ്കൂൾ തലത്തിൽ അദ്ധ്യാപകർ, പി.റ്റി.എ പ്രതിനിധി, വിദ്യാർത്ഥി പ്രതിനിധി, വാർഡ് മെമ്പർ എന്നിവർ ഉൾപ്പെട്ട കമ്മിറ്റിയും, കോളേജ് തലത്തിൽ പ്രിൻസിപ്പലിന്റെ പ്രതിനിധിയും, പരിസ്ഥിതി പ്രവർത്തകർ, പഞ്ചായത്ത് പ്രസിഡൻറ്/നോമിനി, എൻ.എസ്.എസ് പ്രോഗ്രാം ഓഫീസർ എന്നിവർ ഉൾപ്പെട്ട കമ്മിറ്റിയും, പഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് പ്രസിഡൻറ്, ക്ഷേമകാര്യ സ്ഥിരം സമിതി അദ്ധ്യക്ഷൻ എന്നിവരുടെ നേതൃത്വത്തിൽ ഉദ്യോഗസ്ഥർ, സ്കൂൾ ഹെഡ്മാസ്റ്റർമാർ, സന്നദ്ധ സംഘടന പ്രതിനിധികൾ, പൊതുപ്രവർത്തകർ എന്നിവർ അംഗങ്ങളായ 15- --ൽ കൂടാത്ത അംഗസംഖ്യയുള്ള കമ്മറ്റിയുമാണ് നട്ടുപിടിപ്പിച്ച തൈകളുടെ നിലനിൽപ്പും, വളർച്ചയും വിലയിരുത്തുന്നതിനും, അതിജീവനശതമാനം ഉറപ്പിക്കുന്നതിനും സർക്കാർ നിർദ്ദേശിച്ചിരിക്കുന്നത്. ഇപ്രകാരമുള്ള കമ്മിറ്റികൾ പഞ്ചായത്ത് തലത്തിലും സ്കൂൾ, കോളേജ് തലങ്ങളിലും രൂപീകരിച്ച് നടപ്പിലാക്കാനുള്ള സംവിധാനം വനംവകുപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വിതരണം ചെയ്ത തൈകളുടെ എണ്ണം, നടീൽ, അതിജീവനം എന്നിവ സംബന്ധിച്ച് പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. രജിസ്റ്ററുകൾ സോഷ്യൽ ഫോറസ്ട്രി വിഭാഗം പരിശോധനാ വിധേയമാക്കി തുടർ നിർദ്ദേശങ്ങൾ നൽകി വരുന്നുണ്ട്. |
| (ഡി) | വൃക്ഷത്തൈ വിതരണത്തിനും, പരിപാലനത്തിനും നിലവിലുള്ള സംവിധാനം ഫലപ്രദമല്ലാത്തതിനാലാണ് വിതരണം ചെയ്യുന്ന തൈകളിൽ കൂടുതലും നശിക്കുവാൻ കാരണമെന്ന് വിലയിരുത്തുന്നുണ്ടോ; വ്യക്തമാക്കുമോ? | (ഡി) | വൃക്ഷത്തൈ വിതരണത്തിനും, പരിപാലനത്തിനും നിലവിലുള്ള സംവിധാനം ഫലപ്രദമാണ്. |

സെക്ഷൻ ഓഫീസർ